# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

**നം. പി.ആർ. 137/2025** **തിരുവനന്തപുരം, തീയതി: 24.06.2025**

# പത്രക്കുറിപ്പ്

## ഒന്നാം വർഷ ബി.എഡ് പ്രവേശനം -2025
## അപേക്ഷ സമർപ്പിക്കുവാനുള്ള അവസാന തീയതി 01.07.2025 വരെ ദീർഘിപ്പിച്ചിരിക്കുന്നു

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവണ്മെന്റ്/എയ്ഡഡ്/സ്വാശ്രയ/കെ.യു.സി.ടി.ഇ കോളേജുകളിലെ 2025-26 അധ്യയന വർഷത്തിലേക്കുള്ള ബിഎഡ് പ്രോഗ്രാമുകളിലേക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ജൂലൈ 1 വരെ ദീർഘിപ്പിച്ചിരിക്കുന്നു. ബിരുദം യോഗ്യതയായുള്ള ബിഎഡ് കോഴ്സുകളിലേക്ക് നിലവിലെ അവസാന വർഷ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാൻ അവസരം ഉണ്ടായിരിക്കുന്നതാണ്. കെ.യു.സി.ടി.ഇ മാനേജ്മെൻറ് ക്വാട്ടയിലേക്ക് ഇപ്പോൾ ഓൺലൈനായി അപേക്ഷ നൽകാവുന്നതാണ് ആയതിലേക്ക് (https://admissions.keralauniversity.ac.in/bed2025) വെബ്സൈറ്റ് സന്ദർശിക്കുക. പുതുക്കിയ ഷെഡ്യൂൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. അലോട്ട്മെൻറ് സംബന്ധമായ മറ്റ് വിവരങ്ങൾക്ക് അഡ്മിഷൻ വെബ്സൈറ്റ് (https://admissions.keralauniversity.ac.in/bed2025) സന്ദർശിക്കുക. സംശയനിവാരണത്തിനായി 8281883053 എന്ന മൊബൈൽ നമ്പറിൽ ബന്ധപ്പെടുക.

## ഒന്നാം വർഷ ബിരുദ (FYUGP) പ്രവേശനം 2025
## രണ്ടാം ഘട്ട അലോട്ട്മെന്റ് നാളെ പ്രസിദ്ധീകരിക്കും.
## കോളേജ് പ്രവേശനം ജൂൺ 26,27,28 & 30 തീയതികളിൽ

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലേക്കുള്ള 2025-26 അധ്യയന വർഷത്തിലെ ഒന്നാം വർഷ ബിരുദ പ്രവേശനത്തിനുള്ള രണ്ടാം ഘട്ട അലോട്ട്മെന്റ് വെബ്സൈറ്റിൽ (https://admissions.keralauniversity.ac.in/fyugp2025) 25/06/2025 ന് പ്രസിദ്ധീകരിക്കും. അപേക്ഷകർക്ക് അപേക്ഷാ നമ്പറും പാസ്സ് വേർഡും ഉപയോഗിച്ച് പ്രൊഫൈലിൽ ലോഗ് ഇൻ ചെയ്ത് അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്. അലോട്ട്മെന്റ് ലഭിച്ചവർ നിശ്ചിത സർവകലാശാല ഫീസ് ഓൺലൈനായി ഒടുക്കേണ്ടതാണ്. ആദ്യ ഘട്ടത്തിൽ അലോട്ട്മെന്റ് ലഭിച്ച് ഫീസ് അടച്ചവർ വീണ്ടും അടക്കേണ്ടതില്ല. അലോട്ട്മെന്റ് ലഭിച്ചവർക്ക് അവരവരുടെ പ്രൊഫൈലിൽ ലോഗിൻ ചെയ്ത ശേഷം ഓൺലൈനായി ഫീസ് അടച്ച് അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റ് എടുക്കാവുന്നതാണ്. അലോട്ട്മെന്റ് ലഭിച്ച കോളേജ്, കോഴ്സ്, കാറ്റഗറി, അഡ്മിഷൻ തീയതി എന്നിവ അലോട്ട്മെന്റ് മെമ്മോയിൽ ലഭ്യമാക്കിയിട്ടുണ്ട്. മെമ്മോയിൽ പറഞ്ഞിരിക്കുന്ന തീയതികളിൽ യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ സഹിതം കോളേജിൽ ഹാജരായി സ്ഥിര അഡ്മിഷൻ (Permanent Admission) എടുക്കേണ്ടതാണ്. ഈ ഘട്ടത്തിൽ Temporary Admission അനുവദിക്കുന്നതല്ല.

ഏതെങ്കിലും കാരണത്താൽ നിശ്ചിത തീയതിക്കോ സമയത്തിനുള്ളിലോ കോളേജിൽ ഹാജരാകാൻ സാധിക്കാത്തവർ അതാത് കോളേജിലെ പ്രിൻസിപ്പലുമായി ബന്ധപ്പെടേണ്ടതാണ്. സ്ഥിര അഡ്മിഷൻ എടുക്കുന്ന വിദ്യാർത്ഥികൾ ഈ അലോട്ട്മെന്റിന് ശേഷം വരുന്ന സപ്ലിമെന്ററി അല്ലോട്മെന്റിലേക്ക് ഓപ്ഷൻ നൽകുന്ന പക്ഷം ആയതിലേക്ക് പരിഗണിക്കുന്നതാണ്. ആദ്യ ഘട്ടത്തിൽ അലോട്ട്മെന്റ് ലഭിച്ച് "Temporary Admission" എടുത്ത എല്ലാ വിദ്യാർത്ഥികളും (കോളേജും കോഴ്സും മാറ്റമില്ലെങ്കിൽ പോലും) "Permanent Admission" എടുക്കേണ്ടതാണ്. ആദ്യ ഘട്ടത്തിൽ അഡ്മിഷൻ ലഭിച്ച് ഹയർ ഓപ്ഷൻ നിലനിർത്തിയ വിദ്യാർത്ഥികൾക്ക് രണ്ടാം ഘട്ട അലോട്മെന്റിൽ മാറ്റം ഉണ്ടെങ്കിൽ പുതുതായി ലഭിച്ച അലോട്ട്മെന്റിൽ അഡ്മിഷൻ എടുക്കേണ്ടതാണ്, ഇല്ലാത്ത പക്ഷം അഡ്മിഷൻ ക്യാൻസൽ ആവുന്നതാണ്. കോളേജുകളിൽ ക്ലാസുകൾ 01/07/2025 ന് ആരംഭിക്കുന്നതാണ്.

## കേരള സർവകലാശാല<br>ഒന്നാം വർഷ ബിഎഡ് പ്രവേശനം - 2025

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എയ്ഡഡ് കോളേജുകളിലെ 2025-26 അദ്ധ്യയന വർഷത്തിലെ ബിഎഡ് കോഴ്സുകളിലേക്കുള്ള കമ്മ്യൂണിറ്റി ക്വാട്ട പ്രേവേശനത്തിന് ആഗ്രഹിക്കുന്ന വിദ്യാർഥികൾക്ക് അവരുടെ പ്രൊഫൈലിൽ ലഭ്യമാക്കിയിട്ടുള്ള കമ്മ്യൂണിറ്റി ക്വാട്ട ലിങ്ക് വഴി 2025 ജൂലൈ 01 വരെ ഓപ്ഷൻ നൽകാവുന്നതാണ്. കമ്മ്യൂണിറ്റി ക്വാട്ട ലിങ്ക് വഴി ഓപ്ഷൻ നൽകിയവരെ മാത്രമേ കമ്മ്യൂണിറ്റി ക്വാട്ട പ്രവേശനത്തിനായി പരിഗണിക്കുകയുള്ളൂ. അഡ്മിഷൻ സംബന്ധിച്ചുള്ള അതാത് സമയങ്ങളിലെ വിവരങ്ങൾക്ക് സർവകലാശാല പത്രക്കുറിപ്പുകളും അഡ്മിഷൻ വെബ്സൈറ്റും ശ്രദ്ധിക്കേണ്ടതാണ്. ഹെൽപ്പ്ലൈൻ നമ്പർ : 8281883053 (Whatsapp also), ഇമെയിൽ : bedadmission@keralauniversity.ac.in, വെബ്സൈറ്റ്: https://admissions.keralauniversity.ac.in/bed2025.

## കേരളസർവകലാശാല ഒന്നാം വർഷ ബിരുദ (FYUGP) പ്രവേശനം - 2025<br>സ്പോർട്സ് ക്വാട്ട അഡ്മിഷൻ<br>സർട്ടിഫിക്കറ്റ് പുനഃപരിശോധനക്ക് അവസരം

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെ ബിരുദ കോഴ്സുകളിലെ സ്പോർട്സ് ക്വാട്ട റാങ്ക് ലിസ്റ്റിലേക്കുള്ള സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ പൂർത്തിയായി. സ്പോർട്സ് ക്വാട്ട ഓപ്ഷൻ നൽകിയ വിദ്യാർത്ഥികൾക്ക്/അപേക്ഷകർക്ക് അപേക്ഷാ നമ്പറും പാസ്സ്‌വേർഡും ഉപയോഗിച്ച് പ്രൊഫൈലിൽ ലോഗിൻ ചെയ്ത് (https://admissions.keralauniversity.ac.in/fyugp2025) വെരിഫിക്കേഷൻ സ്റ്റാറ്റസ് പരിശോധിക്കാവുന്നതാണ്. സർട്ടിഫിക്കറ്റ് "Reject" ആയ വിദ്യാർത്ഥികൾക്ക്, നിലവിൽ അപ്‌ലോഡ് ചെയ്ത സർട്ടിഫിക്കറ്റിന്റെ ന്യൂനത പരിഹരിച്ച് 2025 ജൂൺ 26 ന് വൈകുന്നേരം 5 മണി വരെ പ്രൊഫൈലിൽ അപ്‌ലോഡ് ചെയ്യാവുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ ലഭിക്കുന്ന പരാതികൾ പരിഗണിച്ചതിന് ശേഷം ഫൈനൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണ്. 2025 ജൂൺ 26 ന് വൈകുന്നേരം 5 മണിക്ക് ശേഷം ലഭിക്കുന്ന പരാതികൾ പരിഗണിക്കുന്നതല്ല. പരാതികൾ സർവകലാശാലയിലേക്ക് നേരിട്ടോ ഇ-മെയിൽ മുഖേനയോ അയയ്ക്കേണ്ടതില്ല. ഹെൽപ്പ്ലൈൻ നമ്പർ : 8281883052 (Whatsapp also).

## പരീക്ഷാഫലം

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം 2024 നവംബറിൽ നടത്തിയ ഒന്ന്, രണ്ട് സെമസ്റ്റർ ബികോം പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മ പരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും 2025 ജൂലൈ 4 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in).

## പരീക്ഷാവിജ്ഞാപനം

കേരളസർവകലാശാല 2025 ജൂലൈ 22 ന് ആരംഭിക്കുന്ന എട്ടാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് ബിഎ/ബികോം/ബിബിഎ എൽഎൽബി പരീക്ഷകളുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in).

കേരളസർവകലാശാലയുടെ രണ്ട്, നാല്, ആറ് സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ്. ബിഎ/ബിഎസ്സി/ബികോം/ബിബിഎ/ബിസിഎ (എല്ലാ റീസ്ട്രക്ച്ചേർഡ്/വൊക്കേഷണൽ കോഴ്സുകളും) (മേഴ്സിചാൻസ് – 2000 അഡ്മിഷന് മുൻപ് & 2000 – 2009 അഡ്മിഷൻ വരെ) ജൂൺ 2025 പരീക്ഷയുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in).

## പ്രാക്ടിക്കൽ

കേരളസർവകലാശാല കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിലെ എട്ടാം സെമസ്റ്റർ (2020 സ്കീം – റെഗുലർ/സപ്ലിമെന്ററി), ജൂൺ 2025 ഇൻഫർമേഷൻ ടെക്നോളജി, കമ്പ്യൂട്ടർ സയൻസ് & എഞ്ചിനീയറിംഗ് എന്നീ ബ്രാഞ്ചുകളിലെ പ്രാക്ടിക്കൽ പരീക്ഷകൾ 2025 ജൂൺ 30 ന് നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in).

## അപേക്ഷ ക്ഷണിക്കുന്നു

കേരളസർവകലാശാലയുടെ തുടർവിദ്യാഭ്യാസ വ്യാപന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ കാഞ്ഞിരംകുളം ഗവൺമെന്റ് കെ.എൻ.എം. ആർട്സ് & സയൻസ് കോളേജിൽ നടത്തുന്ന ആറ് മാസം ദൈർഘ്യമുള്ള സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫോർമേഷൻ സയൻസ്, നാല് മാസം ദൈർഘ്യമുള്ള സർട്ടിഫിക്കറ്റ് ഇൻ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ആന്റ് പബ്ലിക് സ്പീക്കിംഗ് എന്നീ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചിരിക്കുന്നു. പ്ലസ് ടു കഴിഞ്ഞവർക്ക് അപേക്ഷിക്കാം. പ്രായപരിധി ഇല്ല. അപേക്ഷാഫോം ഗവൺമെന്റ് കെ.എൻ.എം. ആർട്സ് & സയൻസ് കോളേജ് ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി 2025 ജൂലൈ 10. മൊബൈൽ നമ്പർ : 9947115190.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ - ചാർജ്ജ്)

**E-mail:** For queries **helpdesk@keralauniversity.ac.in**/
**website: www.keralauniversity.ac.in**

*University information is available on* **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**